(ഇ) നെയ്യാറിനെക്കുറിച്ചുള്ള പഠനം ഈ സാമ്പത്തികവർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പമ്പ-അച്ചൻകോവിൽ നദീതടങ്ങളെക്കുറിച്ചുള്ള പഠനം 2004-05-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ

14 [*567] ശ്രീ. പി. ടി. തോമസ്:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ അവരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുള്ളവരാണോ;

(ബി അവരവരുടെ അധികാര പരിധിയിൽ വൈദഗ്ദ്ധ്യത്തോടുകൂടി ചെലവ് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുള്ള എത്ര വിദഗ്ദ്ധർ വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് കേഡറുകളിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡിൽ മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കുകയോ കൺസൾട്ടന്റുമാരായി വയ്ക്കുകയോ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ, ബി) അവരവരുടെ കഴിവുകളനുസരിച്ച് വൈദഗ്ദ്ധ്യം തെളിയിച്ചവരാണ്. എത്ര പേരുണ്ടെന്ന കാര്യത്തിൽ പ്രത്യേകമായി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

കർഷകർക്കും സംഘങ്ങൾക്കും ആവശ്യാനുസരണം ജലലഭ്യത ഉറപ്പുവരുത്തുവാൻ നടപടി

15 [*568] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുടെ ഏറ്റവും നിർണ്ണായക ഘടകമായ ജലസേചനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ആധാരമായ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കർഷകർക്കും അവരുടെ സംഘങ്ങൾക്കും യഥാസമയം ജലം ലഭ്യമാക്കുന്നതിന് ഇപ്പോൾ കഴിയുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിളകളുടെ ആവശ്യാനുസരണം കർഷകർക്കും സംഘങ്ങൾക്കും ജലലഭ്യത ഉറപ്പുവരുത്താൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ജലസേചന പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടും പ്രവർത്തിപ്പിക്കാത്തവ ഏതൊക്കെയാണ്;

(ഇ) ജലസേചന പദ്ധതികളിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാതെ പോയവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ജലലഭ്യതയനുസരിച്ച് യഥാസമയം പരമാവധി ജലം എത്തിക്കുന്നതിന് പദ്ധതികൾക്ക് ഏറെക്കുറെ കഴിയുന്നുണ്ട്.

(സി) ലൈനിംഗ് ചെയ്യാത്ത കനാലുകളിലെ സീവേജ് മൂലവും ഫണ്ടിന്റെ അപര്യാപ്തത കാരണം അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാൻ സാധിക്കാത്തതിനാലും വാലറ്റ പ്രദേശങ്ങളിൽ വിളകളുടെ ആവശ്യാനുസരണം ജലലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല. ബാക്കി പ്രദേശങ്ങളിൽ പരമാവധി ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) ഒന്നുംതന്നെയില്ല.

(ഇ) കാഞ്ഞിരപ്പുഴ പദ്ധതിയിൽ പ്രതീക്ഷിച്ച നേട്ടം കൈവരിച്ചിട്ടില്ല. ബാക്കിയുള്ള വൻകിട പദ്ധതികൾ ഉദ്ദേശിച്ച നേട്ടമുണ്ടാക്കിയിട്ടുണ്ട്.

ഗ്രാമീണ മേഖലയിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് പ്രോത്സാഹനം

16 [*569] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങൾ നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൃത്രിമ കുളങ്ങൾ ഉണ്ടാക്കി മത്സ്യകൃഷി ആരംഭിക്കാൻ സർക്കാർ സഹായം നൽകുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഗ്രാമീണ മേഖലയിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് താഴെ പറയുന്ന പ്രോത്സാഹനങ്ങൾ അതത് ജില്ലകളിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക വികസന ഏജൻസികൾ മുഖാന്തിരം നൽകിവരുന്നു:

1. മത്സ്യകർഷകർക്ക് കുളങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 40,000 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 50,000 രൂപയും മലമ്പ്രദേശങ്ങളിൽ 37,500 രൂപയും സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly